## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:3629 10.04.2013-ൽ മറുപടിയ്ക്ക്

## പ്രസ്സുകളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ.ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ.ജോസഫ് വാഴക്കൻ**<br>**ശ്രീ.കെ. മുരളീധരൻ** | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണത്തിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) 23.2.2010 ലെ സ.ഉ.(സാധാ)നം.35/10/ ഉ.വി.വ. പ്രകാരം ശ്രീമതി. ഇന്ദിര ചന്ദ്രശേഖറിന്റെ അദ്ധ്യക്ഷതയിൽ സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) ആധുനിക മെഷീനുകൾ പ്രസ്സുകളിൽ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഷൊർണ്ണൂർ, മണ്ണന്തല എന്നീ പ്രസ്സുകളിൽ ഫോർകളർ വെബ് ഓഫ്സെറ്റ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. വാഴൂർ സർക്കാർ പ്രസ്സിൽ ഫോർ കളർ വെബ് ഓഫ് സെറ്റ് മെഷീൻ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) പ്രസ്സുകളിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (സി) അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട് പേപ്പർ വെയർഹൗസുകളുടെ നിർമ്മാണം, കുടിവെള്ളം ഏർപ്പെടുത്തുക, ടോയിലറ്റുകളുടെ നവീകരണം, അഗ്നി ശമനോപകരണങ്ങൾ സ്ഥാപിക്കുക, അച്ചടി വകുപ്പ് ഡയറക്ടറേറ്റിന് ആവശ്യമായ മന്ദിരം പണിയുക എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ